15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 646 — 08-10-2024 - ൽ മറുപടിയ്ക്ക്

ഖാദിമേഖലയുടെ വികസനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദിമേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഖാദി മേഖലയിൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ടി മേഖലയിൽ തൊഴിലവസരങ്ങൾ നിലനിർത്തുന്നതിന് ഖാദി ബോർഡ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രം നവീകരിക്കുന്നതിന് സർക്കാർ ഒരു കോടി തൊണ്ണൂറ്റി എട്ടു ലക്ഷം രൂപ വകയിരുത്തുകയും ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിക്കുകയും പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുക വഴി സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദിപ്പിക്കുന്നതിനും സാധിച്ചു.<br><br>തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ചർക്കകളിൽ നവീകരണം നടത്തുന്നതിനായി IIT ചെന്നൈയുടെ കീഴിൽ Rutag-മായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന് നടപടിയെടുത്തു. ഖാദി നൂല്പ്-നെയ്ത്ത് (ചർക്ക, തറി) എന്നീ ഉപകരണങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ കെ.എസ്.സി.എം.എം.സി. നവീകരിച്ചു നൽകിയ 10-ഡ്യൂവൽ ഡ്രിവൺ സംവിധാനമുള്ള ചർക്കകൾ ജില്ലകളിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഖാദി നിർമ്മാണ യൂണിറ്റുകളിലെ കാലപ്പഴക്കംചെന്ന കെട്ടിടങ്ങളുടെ നവീകരണം, |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗക ര്യങ്ങൾ വർദ്ധിപ്പിക്കൽ, ചർക്ക, തറി സ്പെയർപാർട്സ് വാങ്ങൽ എന്നിവക്കായി ത്രിതല പഞ്ചായത്തിൽ നിന്നും, എം.എൽ.എ ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് തുടർപ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരളത്തിലെ ജയിൽ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലാ ജയിലുകളിൽ നെയ്ത്ത്, നൂൽപ് പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച പ്രവർത്തിച്ചുവരുന്നു. ഖാദി തുണിത്തരങ്ങളിൽ പുതിയ ഡിസൈൻ നല്കുന്നതിനായി ഇലക്ട്രോണിക് ടോബി, ജെക്വർഡ് മെഷീൻ എന്നിവ പ്രവർത്തനസജ്ജമാക്കി. ആയതു ടി മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്നുണ്ട്. |
| (ബി) | ഖാദിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ബോർഡിൽ അംഗമായിട്ടുള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവിടെ നിന്നും ലഭിക്കുന്നതെന്നും വിശദമാക്കാമോ? | (ബി) | കേരള സംസ്ഥാനത്തെ ഖാദിവ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള ഖാദിത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി രൂപീകരിച്ച ബോർഡാണ് കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്. 05.04.1990-ലാണ് ബോർഡ് പ്രവർത്തനം ആരംഭിച്ചത്. നിധിയിൽ അംഗങ്ങളായ നൂൽപ്പ് തൊഴിലാളികൾക്ക് 600/- രൂപയും (രൂപ അറുനൂറ് മാത്രം) നെയ്ത്ത് തൊഴിലാളികൾ 800/- രൂപയും (രൂപ എണ്ണൂറ് മാത്രം) ഒരുവർഷം ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. നിശ്ചിത ടാർജറ്റ് പൂർത്തിയാക്കിയ തൊഴിലാളികൾക്ക് ബോർഡിൽ നിന്നും താഴെ പറയുന്ന ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നത്.<br><br>1.**<u>ചികിത്സാ സഹായം</u>**<br><br>നിധിയിൽ അംഗത്വം ലഭിച്ച 3 വർഷം തുടർച്ചയായി സേവനം അനുഷ്ഠിച്ച തൊഴിലാളിയ്ക്കോ അവരുടെ കുടുംബാംഗത്തിനോ അസുഖത്തിന് ചികിത്സാസഹായം അനുവദിക്കുന്നു<br><br>2.**<u>പ്രസവാനുകൂല്യം</u>**<br><br>നിധിയിൽ അംഗമായ സ്ത്രീ തൊഴിലാളിയ്ക്ക് മൊത്തം സേവനകാലയളവിൽ രണ്ട് പ്രസവങ്ങൾക്ക് പ്രസവാനുകൂല്യം നൽകുന്നു.<br><br>3.**<u>വിദ്യാഭ്യാസ ആനുകൂല്യം</u>**<br><br>നിധിയിൽ അംഗത്വമുള്ള തൊഴിലാളികളുടെ ഹൈസ്കൂൾ, പ്ലസ്സ്, ബിരുദം/ ബിരുദാനന്തരബിരുദം, എഞ്ചിനീയറിംഗ്, മെഡിസിൻ, വെറ്ററിനറി, അഗ്രികൾച്ചർ തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്ന |

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നു.

4. **<u>മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം</u>**

നിധിയിൽ അംഗമായ തൊഴിലാളികളുടെയോ കുടുംബാംഗത്തിന്റെയോ ശവസംസ്കാരവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ധനസഹായം അനുവദിക്കുന്നു.

5. **<u>സ്ത്രീ തൊഴിലാളികൾക്കുള്ള വിവാഹ ധനസഹായം</u>**

തുടർച്ചയായി അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയ വനിതാ ഖാദി തൊഴിലാളികൾക്കോ തൊഴിലാളികളുടെ പെൺമക്കൾക്കോ വിവാഹ ധനസഹായം അനുവദിക്കുന്നു.

6. **<u>മാരക രോഗികൾക്കുള്ള പ്രത്യേക ചികിത്സാ സഹായം</u>**

ഒരു ഖാദി തൊഴിലാളിക്ക് മാരക രോഗങ്ങൾ പിടിപെടുകയാണെങ്കിൽ സേവനകാലഘട്ടത്തിൽ ഒറ്റത്തവണ ചികിത്സ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. താഴെ പറയുന്ന മാരകരോഗങ്ങൾക്കാണ് ചികിത്സാസഹായം ലഭിക്കുന്നത്.

1. ക്യാൻസർ
2. ഹൃദയസംബന്ധമായ അസുഖങ്ങൾ
3. വൃക്കയുമായി ബന്ധപ്പെട്ടുള്ള രോഗങ്ങൾ
4. ശ്വാസകോശ സംബന്ധമായ രോഗങ്ങൾ
5. ഗർഭാശയരോഗങ്ങൾ
6. ന്യൂറോയുമായി ബന്ധപ്പെട്ട അസുഖങ്ങൾ
7. എയ്ഡ്സ്

7. **<u>ക്ഷേമനിധിയിൽ നിന്ന് അംഗങ്ങൾക്ക് വായ്പ ആനുകൂല്യം</u>**

നിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് വിവാഹം, വസ്തു വാങ്ങുക, വീട് നിർമ്മിക്കുക, വാഹനം വാങ്ങുക എന്നീ ആവശ്യങ്ങൾക്ക് പലിശരഹിത വായ്പ അനുവദിയ്ക്കുന്നു.

8. **<u>പെൻഷൻ</u>**

10 വർഷത്തിൽ കുറയാതെ തുടർച്ചയായി ഒരു ഖാദിത്തൊഴിലാളിയായി ജോലി ചെയ്യുന്ന നിധിയിലെ ഒരംഗത്തിന് അറുപത് വയസ്സ് തികയുന്നതിൻമേൽ പ്രതിമാസ പെൻഷന് അർഹത ഉണ്ടായിരിയ്ക്കും. കൂടാതെ തുടർച്ചയായി രണ്ട് വർഷത്തെ സേവനം

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കിയതിന് ശേഷം അവശത മൂലം ജോലി ചെയ്യുന്നതിന് കഴിവില്ലാതാകുന്ന ഒരു ഖാദി തൊഴിലാളിയ്ക്ക് ജില്ലാമെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവശതാ പെൻഷൻ അനുവദിയ്ക്കുന്നു. ഒരു പെൻഷൻകാരൻ മരിച്ചാൽ മരിച്ചയാളുടെ അർഹരായ കുടുംബാംഗത്തിന് കുടുംബപെൻഷൻ നൽകുന്നു |

സെക്ഷൻ ഓഫീസർ